"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/270/2023-LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-06-2026

<u>സർക്കുലർ</u>

വിഷയം:- തസ്വഭവ - സർക്കാർ ഓഫീസുകളിലെ ശുചിത്വ - മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സുസ്ഥിരമായ പ്രവർത്തനം - ആവർത്തന ചെലവുകൾ (Recurring Charges/AMC) വഹിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-
1. സ.ഉ (സാധാ) നം. 966/2023/ത.സ്വ.ഭ.വ തീയ്യതി 03.05.2023.
2. സ.ഉ (സാധാ) നം. 631/2024/ത.സ്വ.ഭ.വ തീയ്യതി 16.03.2024.
3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20-07-2024 ലെ ഡിഎ1/256/2024 നം. സർക്കുലർ.
4. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് (SWM Rules), 2026.

"എന്റെ മാലിന്യം, എന്റെ ഉത്തരവാദിത്തം" എന്ന ആശയത്തിലൂന്നിയാണ് സംസ്ഥാനത്ത് വികേന്ദ്രീകൃത മാതൃകയിൽ, തദ്ദേശ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ, മാലിന്യ സംസ്കരണം നിർവ്വഹിച്ചുവരുന്നത്. കേരള പഞ്ചായത്തീ രാജ് / മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് 2024 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ മാലിന്യോത്പാദകരും നിശ്ചിത യൂസർഫീ നൽകിക്കൊണ്ട് മാലിന്യം കൈയൊഴിയേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. പരാമർശം 1 ലെ ഉത്തരവ് പ്രകാരം സർക്കാർ/ഇതര സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണം സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതും, ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനു കമ്പോസ്റ്റിംഗ്/ബയോ മെഥനേഷൻ ഉപകരണങ്ങൾ സജ്ജമാക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ടി ഉത്തരവിൽ ശുചിത്വ-മാലിന്യ പ്രവർത്തനങ്ങൾ ഓഫീസിൽ ഏകോപിപ്പിക്കുന്നതിനു വേണ്ടി സ്ഥാപന മേധാവി ചെയർമാൻ ആയി ഒരു സമിതി രൂപീകരിക്കേണ്ടതാണെന്നും, ഈ സമിതി കൃത്യമായ ഇടവേളകളിൽ ശുചിത്വ/ മാലിന്യ പരിപാലന സംവിധാനങ്ങൾ വിലയിരുത്തേണ്ടതുമാണ് എന്നും അനുശാസിച്ചിട്ടുണ്ട്.

3. പരാമർശം 4 പ്രകാരം *institutions with built-up area (≥20,000 $m^2$), water consumption (≥40,000 litres per day), or waste generation (≥100 kg per day) including government*

*departments, local bodies, PSUs, institutions, commercial establishments, and residential societies* എന്നിവയെ ബൾക് വേസ്റ്റ് ജനറേറ്റർമാർ (BWG) എന്ന വിഭാഗത്തിലുൾപ്പെടുത്തി, ഇത്തരം മാലിന്യോത്പാദകർ ജൈവ മാലിന്യമുൾപ്പടെയുള്ള 'വെറ്റ് വേസ്റ്റ്' ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സൗകര്യം സ്വന്തം ചിലവിൽ ഏർപ്പെടുത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4. മാലിന്യ സംസ്കരണം തദ്ദേശ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാകയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടകസ്ഥാപനങ്ങൾക്ക് പുറമെയുള്ള സ്ഥാപനങ്ങളിലും നിലവിലുള്ള പരിമിതികൾ മറി കടന്നുകൊണ്ട് മാലിന്യ സംസ്കരണ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനു പരാമർശം 3 ലെ സർക്കുലർ പ്രകാരം അനുമതി നല്കിയിരുന്നു. എന്നാൽ മാലിന്യ സംസ്കരണപ്ലാന്റുകളുടെ വാർഷിക മെയ്ന്റനൻസ് ചാർജ് (AMC) ഇനത്തിലും മറ്റുമുള്ള ആവർത്തന ചെലവുകൾ വഹിക്കുന്നത് നിലവിൽ പഞ്ചായത്തീ രാജ് / മുനിസിപ്പാലിറ്റി ആക്ട്, തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖകൾ, ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ, 2026 എന്നിവ പ്രകാരം അനുവദനീയമല്ലാത്തതാണ്.

5. മേൽ സാഹചര്യത്തിൽ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സുസ്ഥിരമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും, ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ സുഗമമമായ നടത്തിപ്പ് ഉറപ്പാക്കേണ്ടതും അനിവാര്യമാണെന്നത് പരിഗണിച്ച്, സർക്കാർ ഓഫീസുകളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവയുടെ ആവർത്തന ചെലവുകൾ അടക്കമുള്ള തുകകൾക്കുമായി 'ശുചിത്വ കേരളം' പദ്ധതിയിലെ ബജറ്റ് വിഹിതം ഉപയോഗിക്കാവുന്നതാണ് എന്ന് നിർദ്ദേശം പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായി വരുന്ന ആവർത്തന ചെലവുകൾ (recurring expenses) അതത് ഓഫീസുകളുടെ ബജറ്റിലെ 'Office Expenses – Other Items (05-4)' എന്ന ശീർഷകത്തിന് കീഴിലുള്ള വിഹിതത്തിൽ നിന്നു കൂടി കണ്ടെത്താവുന്നതാണ്.

**********************

ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
എല്ലാ വകുപ്പ് മേധാവികൾക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sajith K
Date: 23-06-2026 16:24:36

സെക്ഷൻ ഓഫീസർ.

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. ക്ക്